## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 421** **12.06.2012-ൽ മറുപടിക്ക്.**

### റോഡപകടങ്ങളിൽ ഇരുചക്ര വാഹനങ്ങളുടെ പങ്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ:<br>ശ്രീ.പി.ബി. അബ്ദുൾ റസാക്:<br>ശ്രീ.വി.എം. ഉമ്മർ മാസ്റ്റർ:<br>ശ്രീ. എം. ഉമ്മർ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും<br>വകുപ്പു മന്ത്രി) | |
| (എ) | റോഡപകടങ്ങളിൽ ഇരുചക്ര വാഹനങ്ങളുടെ പങ്ക് കൂടിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | റോഡപകടങ്ങളിൽ മരണമടയുന്നവരിൽ കൂടുതലും ഇരുചക്ര വാഹന യാത്രക്കാരാണെന്ന കാര്യം പരിശോധനാ വിഷയമാക്കിയിട്ടുണ്ടോ; | (ബി) | ഉണ്ട്. ഹെൽമറ്റ് ധരിക്കാത്തതാണ് മരണസംഖ്യ വർദ്ധിക്കാൻ കാരണമാകുന്നത്. ഇരുചക്ര വാഹന യാത്രക്കാർക്ക് ഹെൽമറ്റ് നിർബന്ധമാക്കിക്കൊണ്ടുള്ള നിയമം കർശനമായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | ഇരുചക്ര വാഹനങ്ങളുടെ പരമാവധി വേഗത മണിക്കൂറിൽ നൂറും നൂറ്റമ്പതും കിലോമീറ്റർ ആയിരിക്കുന്ന സാഹചര്യത്തിൽ വേഗത നിയന്ത്രണം ഏർപ്പെടുത്തുന്നതിന്റെ അപ്രായോഗികതയെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; | (സി) | നിലവിലുള്ള സംവിധാനം ഉപയോഗിച്ച് കർശനനടപടികൾ സ്വീകരിക്കുന്നുണ്ട്. നിയന്ത്രണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് പരിശോധിച്ചിട്ടില്ല. |
| (ഡി) | റോഡുകളിൽ വേഗത നിയന്ത്രിക്കുന്നതിനുപകരം ഇരുചക്ര വാഹനങ്ങളുടെ വേഗത നിർമ്മാണഘട്ടത്തിൽത്തന്നെ പരമാവധി അറുപതു കിലോമീറ്ററാക്കി ക്രമപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) | ഇതിന്റെ പ്രായോഗികത പരിശോധിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ